"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉപഭോക്തൃകാര്യ വകുപ്പ് - സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷനിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നത് - പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറേറ്റിൽ നിന്നും ജീവനക്കാരെ താൽക്കാലികമായി ഷിഫ്റ്റ് ചെയ്തത് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉപഭോക്തൃകാര്യ വകുപ്പ്**

സ.ഉ.(സാധാ) നം.10/2025/CAD തീയതി,തിരുവനന്തപുരം, 22-03-2025

---

പരാമർശം:-

1. ജി.ഒ.(പി) നം.110/2013/ധന തീയതി, 01-03-2013.
2. സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷൻ സെക്രട്ടറി & രജിസ്ട്രാറുടെ 16-10-2024ലെ KSCDRC/170/2024-A നമ്പർ കത്ത്.
3. സ.ഉ.(സാധാ) നം.3/2025/സിഎഡി തീയതി, 01-02-2025.
4. പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണറുടെ 07-02-2025ലെ CCS/665/2025-B1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷനിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിലേയ്ക്കായി സംസ്ഥാന കമ്മിഷൻ പ്രസിഡന്റ് ആവശ്യപ്പെട്ട പ്രകാരം രണ്ട് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, രണ്ട് ക്ലാർക്ക്, രണ്ട് ഓഫീസ് അറ്റൻഡന്റ് എന്നീ ജീവനക്കാരുടെ സേവനം 6 മാസത്തേയ്ക്കോ, കേസുകൾ തീർപ്പാക്കുന്നത് വരെയോ (ഏതാണോ ആദ്യം വരുന്നത്) പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറേറ്റിൽ നിന്നും സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷനിലേയ്ക്ക് താത്ക്കാലികമായി ഷിഫ്റ്റ് ചെയ്യുന്നതിന് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

2) പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറേറ്റിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് എന്നിവരുടെ നിരവധി തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷനിലേയ്ക്ക് രണ്ട് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, രണ്ട് ക്ലാർക്ക്, രണ്ട് ഓഫീസ് അറ്റൻഡന്റ് എന്നീ ജീവനക്കാരുടെ സേവനം പൊതുവിതരണ *'ഉപഭോക്തൃകാര്യ കമ്മീഷണറേറ്റിൽ'* നിന്നും എന്നതിന് പകരം *പൊതുവിതരണ 'ഉപഭോക്തൃകാര്യ വകുപ്പിൽ'* നിന്നും എന്നാക്കി മാറ്റി സൂചന (3)ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യണമെന്നും, ടി ജീവനക്കാരെ 6 മാസം കഴിയുമ്പോൾ വകുപ്പിലേയ്ക്ക് തിരികെ നിയമിക്കുന്നതിനുളള അനുമതി നൽകണമെന്നും പരാമർശം (4) ലെ കത്ത് പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർ ആവശ്യപ്പെട്ടിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷനിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിലേയ്ക്കായി രണ്ട് കോൺഫിഡൻഷ്യൽ

അസിസ്റ്റന്റ്, രണ്ട് ക്ലാർക്ക്, രണ്ട് ഓഫീസ് അറ്റൻഡന്റ് എന്നീ ജീവനക്കാരുടെ സേവനം ആറ് മാസത്തേയ്ക്കോ, കേസുകൾ തീർപ്പാക്കുന്നത് വരെയോ (ഏതാണോ ആദ്യം വരുന്നത്) പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറേറ്റിൽ നിന്നും സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷനിലേയ്ക്ക് താത്ക്കാലികമായി ഷിഫ്റ്റ് ചെയ്യുന്നതിന് അനുമതി നൽകിയ പരാമർശം (3) ഉത്തരവ്, പൊതുവിതരണ *'ഉപഭോക്തൃകാര്യ കമ്മീഷണറേറ്റിൽ'* നിന്നും എന്നതിനു പകരം *പൊതുവിതരണ 'ഉപഭോക്തൃകാര്യ വകുപ്പിൽ'* നിന്നും എന്നും , ടി ജീവനക്കാരെ *'ആറുമാസം കഴിയുമ്പോൾ'* പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലേയ്ക്ക് തിരികെ നിയമിക്കുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് അനുമതി നൽകിയും ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി & രജിസ്ട്രാർ, സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്) തിരുവനന്തപുരം.
വെബ് & ന്യൂമീഡിയ വിംഗ്, ഐ&പി.ആർ.ഡി.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.സിഎ1/109/2024-സിഎഡി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ